**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1514** **19-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉല്പാദനം എത്ര മെട്രിക് ടൺ ആയിരുന്നു; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉല്പാദനം 6.28 ലക്ഷം മെട്രിക് ടൺ ആയിരുന്നു. |
| (ബി) | ആയത് 2020-21 ആയപ്പോഴേക്കും എത്ര മെട്രിക് ടൺ ആയി വർദ്ധിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | 2020-21 വർഷത്തിൽ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉല്പാദനം 16 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരികയാണ്. 2019-20 ൽ പച്ചക്കറി ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു. |
| (സി) | നിലവിൽ ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്; | (സി) | നമ്മുടെ പച്ചക്കറി ആവശ്യകതയുടെ 60% മാത്രമാണ് സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്നത്. |
| (ഡി) | ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറികൾ അയൽസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നു; ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നും; ഇവയുടെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്തെ പച്ചക്കറി ആവശ്യകതയുടെ 40% അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നു. ഹോർട്ടികോർപ്പ് മുഖേന തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്ന് പച്ചക്കറികൾ സംഭരിച്ച് വരുന്നു. സവാള നാസിക്കിൽ നിന്നും നാഫെഡ് മുഖേന സംഭരിക്കുന്നു. ഇതിനു പുറമേ മറ്റു ഏജൻസികളിൽ നിന്നും പച്ചക്കറി സംഭരിക്കുന്നുണ്ട്. സംസ്ഥാനത്ത് പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കുവാൻ വിവിധ മാർക്കറ്റുകളിൽ നിന്നും, കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിക്കുകയും പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള കീടനാശിനികളുടെ അളവ് പരിശോധിച്ച് പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ "സേഫ് ടു ഈറ്റ്" എന്ന ഘടകത്തിൽ 2020-21 വർഷത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത | (ഇ) | നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം |

| | | | |
|---|---|---|---|
| | കൈവരിക്കുവാൻ സംസ്ഥാനത്തിന് എപ്പോൾ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്; വ്യക്തമാക്കുമോ? | | സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ 2019-20 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 2020-21 വർഷത്തിൽ പച്ചക്കറിയുടെ ഉല്പാദനം 16 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നു. പച്ചക്കറി വികസന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന 'സുഭിക്ഷ കേരളം' തുടങ്ങിയ മറ്റു പദ്ധതികളേയും സംയോജിപ്പിച്ചു കൊണ്ട് വരുന്ന 5 വർഷം കൊണ്ട് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ